**THE STATE ELECTRICITY OMBUDSMAN**
D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
Email: ombudsman.electricity@gmail.com

---

# അപ്പീൽ പരാതി നമ്പർ: P/042/2025

**(സാന്നിധ്യം: എ. ചന്ദ്രകുമാരൻ നായർ)**

**തീയതി: 27-08- 2025**

പരാതിക്കാരൻ : ഡോ. തേമ്പാംമൂട് സഹദേവൻ
വൈകുണ്ഠം, കണ്ണൻകോട്
വെഞ്ഞാറമൂട്, തിരുവനന്തപുരം ജില്ല.

എതിർകക്ഷി : അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
ഇലക്ട്രിക്കൽ സബ് ഡിവിഷൻ
വെഞ്ഞാറമൂട്, തിരുവനന്തപുരംജില്ല.

## പരാതിയുടെ പശ്ചാത്തലം

പരാതിക്കാരനായ ഡോ.സഹദേവൻ തിരുവനന്തപുരം ജില്ലയിൽ വെഞ്ഞാറമൂട് എന്ന സ്ഥലത്തെ താമസക്കാരനും ലൈസൻസിയായ **KSEBL** ന്റെ വെഞ്ഞാറമൂട് ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിൽ വരുന്ന ഉപഭോക്താവും ആണ്. കൺസ്യൂമർ നമ്പർ **1145556011794** ആയിട്ടുള്ള വൈദ്യുത കണക്ഷൻ ഗാർഹിക ആവശ്യത്തിനാണ് എടുത്തിട്ടുള്ളത്. **2023** ഡിസംബർ മാസം **22** ആം തീയതി വൈകുന്നേരം **7.15** ന് തിരുവനന്തപുരം **APTs** ഉദ്യോഗസ്ഥരും വെഞ്ഞാറമൂട് സെക്ഷനിലെ സബ്ബ് എൻജിനീയറും ചേർന്ന് പരിശോധന നടത്തുകയുണ്ടായി. രാത്രി വീടിന്റെ ഗേറ്റിൽ തട്ടി ശബ്ദമുണ്ടാക്കി ഗേറ്റ് തുറപ്പിച്ച് അതിനുള്ളിൽ കടന്ന് പരാതിക്കാരനെ തേജോവധം ചെയ്യുന്ന രീതിയിൽ വൈദ്യുത മീറ്ററും മറ്റും പരിശോധിക്കുക വഴി ഉണ്ടായ മാനനഷ്ടത്തിന് നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ടുള്ളതാണ് പരാതി. കൂടാതെ മീറ്റർ വാടക ഇനത്തിൽ അധികം ഈടാക്കിയ തുകയും പലിശയും കണക്ഷൻ എടുത്ത സമയത്ത് അധികമായി അടയ്ക്കേണ്ടിവന്ന തുകയ്ക്ക് പലിശയും ചേർത്തുള്ള തുകയും തിരികെ ലഭിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. ആകെ നഷ്ടപരിഹാരമായി **5,45,000** രൂപ

അനുവദിക്കണമെന്നതാണ് പരാതിയിൽ ഉന്നയിച്ചിരിക്കുന്നത്. **CGRF** ൽ നൽകിയ പരാതിയിൽ വാദം കേട്ടശേഷം **26/05/2025** ൽ ഉത്തരവിറക്കിയിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിന്റെ അപ്പീലായിട്ടാണ് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ സമക്ഷം ഈ പരാതി സമർപ്പിച്ചിട്ടുള്ളത്.

## പരാതിക്കാരന്റെ വാദം

**2023** ഡിസംബർ **22** (ശനി) ന് വൈകുന്നേരം (ഇരുട്ട് വ്യാപിച്ചുകഴിഞ്ഞു. **7.15** മണിക്ക് കെ. എസ്.ഇ.ബി യുടെ ഉദ്യോഗസ്ഥർ എന്ന് പറഞ്ഞ് ഏതാനും ചിലർ (അഞ്ചുപേർ) എന്റെ വീടിന്റെ ഗേറ്റിൽ വന്ന് ബഹളം വയ്ക്കുകയും വീടിനു പുറത്തു വന്ന എനിക്ക് പരിചയമില്ലാത്ത ഇവർ ആരൊക്കെയാണ്' എന്ന് ഞാൻ ചോദിച്ചു. "കെ എസ് ഇ ബി യുടെ ജീവനക്കാരനാണെന്നും ഞാൻ **Axe** ആണെന്നും" ഒരാൾ പറഞ്ഞു. **"Axe Lady** ആണല്ലോ' എന്ന് ഞാൻ പറഞ്ഞു. "ഞങ്ങൾ കെ എസ് ഇ ബി യുടെ തിരുവനന്തപുരത്തു നിന്നുമാണ് വരുന്നത്" തിരുവനന്തപുരത്ത് എവിടെ നിന്ന് ? അപ്പോൾ **Axe** എന്ന് സ്വയം പറഞ്ഞ വ്യക്തി "ഞങ്ങൾ തിരുവനന്തപുരം പട്ടത്ത് വൈദ്യുതിഭവനിൽ നിന്നുള്ള വിജിലൻസാണ് എന്ന് പറഞ്ഞു. ഇതിനിടയിൽ ഗേറ്റിലെ ലോക്ക് മാറ്റുന്നതിന് മുമ്പ് തന്നെ ഗേറ്റ് തള്ളിത്തുറന്ന് അകത്തു കയറി ഇവർ നാല് പേരും മീറ്റർ ബോക്സിന് അടുത്തേക്ക് ഓടി. മീറ്റർ ബോക്സ് ലോക്ക് ചെയ്തിരിക്കുന്നതിനാൽ ആജ്ഞാപിച്ചുകൊണ്ട് "ഈ ലോക്ക് തുറക്കണം" എന്ന് **Axe** പറഞ്ഞു. ഞാൻ വീട്ടിനുള്ളിൽ കയറി താക്കോലെടുത്തു കൊണ്ടുവന്നു. "നിങ്ങൾ ഓരോരുത്തരുടെയും പേര്, ഉദ്യോഗപേര്, ഓഫീസ് മേൽവിലാസം, ഫോൺ നമ്പർ എന്നിവ എഴുതിത്തരണം. "തരാം" എന്ന് **Axe** യും കൂട്ടരും പറഞ്ഞു. ബോക്സ് തുറന്നു കൊടുത്തു. അരമണിക്കൂർ കൊണ്ട് മീറ്റർ ബോക്സിനുള്ളിലെ മുഴുവൻ സാമഗ്രികളും ഇളക്കിമാറ്റി. ഇതിനിടയിൽ പേപ്പറും പേനയും എഴുതാനുള്ള ബോർഡുമായി ഞാൻ കരുതിനിന്നു. മീറ്റർ ബോക്സിലെ സാമഗ്രികൾ തിരികെ ഘടിപ്പിച്ച ഇവർ പറഞ്ഞ വാക്ക് (പേര്,ഉദ്യോഗപര്,ഓഫീസൽ വിലാസം, ഫോൺ നമ്പർ എന്നിവ) പാലിക്കാതെ ഗേറ്റിന് പുറത്തേക്ക് ഓടിപ്പോയി. രാത്രികാലങ്ങളിൽ വീടിന്റെ ഗേറ്റിൽ വന്ന് വൻ ശബ്ദമുണ്ടാക്കി ഗേറ്റു തള്ളിത്തുറന്ന് അകത്തുകയറാനും ഭീഷണി മുഴക്കി മീറ്റർ ബോക്സ് തുറപ്പിച്ച് എല്ലാം ഇളക്കി മാറ്റാനും വന്നവരുടെ ആധികാരിക രേഖകൾ ഹാജരാക്കാതെ കൺസ്യൂമറായ എന്നെ രേഖാമൂലം അറിയിക്കാതെ അപമാനിക്കാനും

രേഖകൾ ആക്ഷേപിക്കാനും കള്ളനെന്നു മുദ്രകുത്തി ടി പ്രവർത്തികൾ ചെയ്യാനും ആരാണ് ഉത്തരവ് നൽകിയത്? എന്ത് അടിസ്ഥാനത്തിൽ ? ആരുടെ നിർദ്ദേശത്തിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ? രേഖകൾ നൽകാതെ ആവശ്യപ്പെട്ടവ ലഭ്യമാക്കാതെ ഓടിപ്പോയതെന്തിന്? എന്തൊക്കെയാണ് മീറ്റർ ബോക്സിൽ നിന്നും ലഭിച്ചത്? ഇവർക്കെതിരെ ശിക്ഷാനടപടികളും അപമാനിച്ചതിനും ആക്ഷേപിച്ചതിനും നഷ്ടപരിഹാരവും ലഭ്യമാക്കണം.

ഞാൻ വൈദ്യുതി ബോർഡിന് പണം നൽകിയാണ് ടി വീട്ടിൽ മീറ്റർ സ്ഥാപിച്ചത്. **1/12/1999** ൽ വൈദ്യുതി കണക്ഷൻ നൽകുന്നതിന് **400** രൂപയും (മീറ്റർ വില ഉൾപ്പെട) സെക്യൂരിറ്റി ഡെപ്പോസിറ്റായി **750** രൂപയും ഈടാക്കിയിരുന്നു. കൂടാതെ ഇലക്ട്രിക് പോസ്റ്റിൽ നിന്ന് **14** മീറ്റർ മാത്രം ദൂരമുള്ള എന്റെ വീടിന്റെ മീറ്റർ ബോക്സിലേക്ക് **OYE** സ്കീം പ്രകാരം **3,000** രൂപയും ഈടാക്കി. എന്നാൽ ഈ സ്കീമിൽ **1,600** രൂപയെ ഈടാക്കാൻ പാടുള്ളൂ. കൂടുതലായി വാങ്ങിയ **1,400** രൂപയും ഇതുവരെയുള്ള പലിശയും കൂട്ടു പലിശയും ചേർത്ത് **20,000** രൂപയും തിരികെ ലഭ്യമാക്കണം. മാത്രവുമല്ല. **48** മണിക്കൂർ കഴിഞ്ഞാണ് ടി സ്കീം പ്രകാരം കണക്ഷൻ ലഭിച്ചത്. എന്റെ പൂർണമായ അനുവാദമോ രേഖാമൂലമുള്ള സമ്മതമോ ഇല്ലാതെയാണ് നിലവിൽ ഉണ്ടായിരുന്ന മീറ്റർ മാറ്റി സ്ഥാപിച്ചത്.

ഞാൻ വില നൽകി സ്ഥാപിച്ച് മീറ്ററിന് ഏറെ വർഷങ്ങളായി മീറ്റർ വാടക, ഡ്യൂട്ടി കൂലി, (നോക്കു കൂലി) മീറ്ററിന് ജി എസ് ടി തുടങ്ങിയ ഇനങ്ങളിൽ **10,000** (പതിനായിരം രൂപ) കെ എസ് ഇ ബി ഈടാക്കി യിട്ടുണ്ട്. ആയവയും പലിശയും കേസിനുള്ള നഷ്ടവും ചേർത്ത് **25,000/-** (ഇരുപത്തി അയ്യായിരം) രൂപയും അപമാനിച്ചതിനും ആക്ഷേപിച്ചതിനും കള്ളനെന്നു മുദ്രകുത്തി മീറ്റർ ബോക്സ് അഴിച്ചുമാറ്റിയതിന് **5,00000** (അക്ഷം) രൂപയും ചേർത്ത് **5,45,000** (അക്ഷത്തിനാൽപ്പത്തിഅയ്യായിരം) (**500000+25000+ 20000**) രൂപ ലഭ്യമാക്കാനും ഇവർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കാനും വൈദ്യുതി ബിൽ അടയ്ക്കാൻ വൈകിയാൽ ഡെപ്പോസിറ്റ് തുകയിൽ നിന്ന് ബിൽ തുക ഈടാക്കാനും അടിയന്തിര ഉത്തരവാകണമെന്ന് അപേ ക്ഷിക്കുന്നു.

## എതിർകക്ഷിയുടെ വാദം

തിരുവനന്തപുരം ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് (APTS) ടീം അവരുടെ ഡിസംബർ മാസത്തെ രാത്രികാല പരിശോധനയുടെ ഭാഗമായി വെഞ്ഞാറമൂട് ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിലുള്ള കൺസ്യൂമർ പ്രിമൈസുകളാണ് പരിശോധനക്കായി ഉൾപ്പെടുത്തിയത്.ഹർജിക്കാരനായ ശ്രീ.സഹദേവന്റെ വീടും (Cons No. 1145556011794) 22.12.2023 ൽ APTS നടത്തിയ പരിശോധനയിൽ ഉൾപ്പെട്ടിട്ടുണ്ട്.

ടി കൺസ്യൂമറുടെ Oruma NET സോഫ്റ്റ് വെയർ പ്രൊഫൈൽ പരിശോധിച്ചതിൽ, 10/2022 മുതൽ തുടർച്ചയായ മാസങ്ങളിൽ കുറവ് കാണിച്ചിരുന്നു. കൂടാതെ ടിയാൻ മീറ്റർ ബോക്സ് പാഡ് ലോക്ക് ഉപയോഗിച്ച് പൂട്ടിയിടാറുമുണ്ടായിരുന്നു എന്ന വിവരം സെക്ഷൻ ഓഫീസിൽ നിന്നും APTS ന് ലഭിച്ചിരുന്നു. ഇലക്ട്രിസിറ്റി ആക്റ്റ് സെക്ഷൻ 135(2) പ്രകാരം സംശയം ഉളവാക്കുന്ന പ്രിമൈസ് പരിശോധിക്കാം. ഗാർഹിക ഉപഭോക്താവ് ആയതിനാലാണ് രാത്രികാലം പരിഗണിച്ചത്. പരിശോധനാ സമയം ശ്രീ.സഹദേവൻ സന്നിഹിതനായിരുന്നു. (സെക്ഷൻ 135(3) Presence of an adult male member).

അന്നേ ദിവസം ഏകദേശം 7.15 PM ന്, വെഞ്ഞാറമൂട് ഇലക്ട്രിക്കൽ സെക്ഷനിൽ പീക് ഡ്യൂട്ടിയിലുണ്ടായിരുന്ന സബ് എൻജിനീയറെയും കൂട്ടി, ഔദ്യോഗിക വാഹനത്തിൽ APTS ടീം ടിയാന്റെ വീട്ടിൽ എത്തിയപ്പോൾ ഗേറ്റ് അകത്തു നിന്നും പൂട്ടിയ നിലയിലായിരുന്നു. ഗേറ്റിൽ തട്ടി വിളിച്ചപ്പോൾ ടിയാൻ വന്ന് ആരാണെന്ന് അന്വേഷിച്ചു. തിരുവനതപുരം APTS ടീം രാത്രികാല പരിശോധനയുടെ ഭാഗമായി വന്നതാണെന്ന് അറിയിച്ചപ്പോൾ ടിയാൻ ഗേറ്റ് തുറന്നുകൊടുത്തു. KSEB യിൽ നിന്നുള്ള APTS ടീമംഗങ്ങളാണെന്ന് ID card നോക്കി ഉറപ്പുവരുത്തിയ ശേഷമാണ് ടിയാൻ ഗേറ്റ് തുറന്നുകൊടുത്തത്. പരിശോധിക്കാൻ വന്നത് KSEB യുടെ ജീവനക്കാർ ആണെന്ന് അവർ പറഞ്ഞതായും ടിയാൻ തന്നെയാണ് ഗേറ്റ് തുറന്നു കൊടുത്തതെന്നും അദ്ദേഹം പരാതിയിൽ സമ്മതിക്കുന്നുമുണ്ട്. മീറ്റർ ബോക്സിനടുത്തെത്തിയപ്പോൾ പാഡ് ലോക്കിട്ട് പൂട്ടിയ നിലയിലായിരുന്നു. APTS ലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ആവശ്യപ്പെട്ടതനുസരിച്ച് ടിയാൻ മീറ്റർ ബോക്സ് തുറന്നുകൊടുത്തു. ടിയാന്റെ സാന്നിധ്യത്തിൽ തന്നെ മീറ്റർ ബോർഡ് അഴിച്ച് പുറകുവശം

പരിശോധിക്കുകയും മീറ്ററിലും സർവീസ് വയറിലും കൃത്രിമത്വം കാണാൻ കഴിയാത്തതിനെ തുടർന്ന് പുനഃ സ്ഥാപിക്കുകയും ചെയ്തു.

വീടിന്റെ ഗേറ്റും മീറ്റർ ബോക്സും തുറക്കാൻ ടിയാൻ കൂടെ ചെന്നു എന്നല്ലാതെ യാതൊരുവിധ ബുദ്ധിമുട്ടുകളും പരിശോധനയുടെ ഭാഗമായി ഹർജിക്കാരന് ഉണ്ടാക്കിയിട്ടില്ല. സംശയം തോന്നിയ പ്രിമൈസിൽ ഇലക്ട്രിസിറ്റി ആക്ട് സെക്ഷൻ 135(2), 135(3) പ്രകാരം നടത്തിയ പരിശോധനയിൽ അനോമലി കണ്ടെത്തിയില്ല എന്നിരുന്നാലും, നഷ്ടപരിഹാരത്തിന്റെ പരിധിയിൽ വരുന്നില്ല.

ഓഫീസ് രേഖകൾ പരിശോധിച്ചതിൽ നിന്നും ടിയാൻ സർവീസ് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുവേണ്ടി 12/1999 ൽ അടച്ച തുക ഇപ്രകാരമാണ് . അപ്ലിക്കേഷൻ ഫീസ് - 2/- രൂപ, സെക്യൂരിറ്റി ഡെപ്പോസിറ്റ് 400/- രൂപ, സർവീസ് കണക്ഷൻ ചാർജ് – 750/- രൂപ, OYEC - 1040/- രൂപ (ആകെ - 2192/- രൂപ). വെതർ പ്രൂഫ് വയർ 35 മീറ്റർ ദൂരം വരെ അന്ന് നിലവിലുണ്ടായിരുന്ന OYEC സിംഗിൾ ഫേസ് റേറ്റ് ആയ 1040/- രൂപ മാത്രമേ ടിയാനിൽ നിന്നും ഇടാക്കിയിട്ടുള്ളു. കൂടാതെ ടിയാൻ സർവീസ് ചാർജ് ആയി അടച്ചിട്ടുള്ള 750 രൂപയിൽ മീറ്ററിന്റെ വില ഉൾപ്പെടുന്നില്ല. ടിയാന്റെ പ്രിമൈസിൽ സ്ഥാപിച്ചിരിക്കുന്നത് കൺസ്യൂമർ മീറ്റർ അല്ല, KSEB Owned മീറ്റർ ആണ്. ആയതിനാൽ കാലാകാലങ്ങളിൽ റെഗുലേറ്ററി കമ്മിഷൻ താരീഫ് ഓർഡർ വഴി നിശ്ചയിച്ചുതന്നിട്ടുള്ള മീറ്റർ വാടക മാത്രമാണ് ടിയാനിൽ നിന്നും ഈടാക്കുന്നത്.

24.07.2017 ൽ ടിയാന്റെ വീട്ടിൽ സ്ഥാപിച്ചിരുന്ന Static മീറ്റർ, LCD മീറ്റർ ഉപയോഗിച്ച് മാറ്റിയിട്ടുണ്ട്. ഇത് ബോർഡിന്റെ നയപരമായ തീരുമാനത്തിന്റെ ഭാഗമാണ്. Consumption accurate ആയി record ചെയ്യുന്നതിന് അക്കാലയളവിലെ latest technology യും IS സ്റ്റാൻഡേർഡും അനുസരിച്ചിട്ടുള്ള മീറ്ററാണ് മാറ്റിവയ്ക്കാൻ ഉപയോഗിച്ചിട്ടുള്ളത്. മേൽ വസ്തുവകകളിൽ നിന്നും ടിയാൻ ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്ന് വ്യക്തമാണ്. ആയതിനാൽ പരാതി തള്ളിക്കളയണമെന്ന് അപേക്ഷിക്കുന്നു.

## പരാതിക്കാരന്റെ എതിർവാദം

**09/07/2025** തീയതി വച്ച് ഈ ഓഫീസിൽ നിന്ന് സാധാരണ തപാലിൽ അയച്ച കത്ത് **12/07/2025** ൽ ലഭ്യമായി. **KSEB** യുടെ വെഞ്ഞാറമൂട് ഇലക്ട്രിക്കൽ സബ്ബ് ഡിവിഷനിലെ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ തീയതി രേഖപ്പെടുത്താതെ നൽകിയിരിക്കുന്ന വിവരണം വ്യാജവും സത്യവിരുദ്ധവും ഉപഭോക്താവിനെ ആക്ഷേപിക്കലും അപമാനിക്കലും തേജോവധം ചെയ്യലും 'കള്ളൻ ' എന്ന് മുദ്രകുത്തുന്ന രീതിയിലുമാകയാൽ ഈ റിപ്പോർട്ട് പൂർണ്ണമായും തള്ളിക്കളഞ്ഞു ആവശ്യപ്പെട്ട നഷ്ടപരിഹാരവും **(5,45,000** രൂപയും **)**ചെലവും ലഭ്യമാക്കാൻ ഉത്തരവാകണമെന്നപേക്ഷ. പരാതിയോടൊപ്പം ആവശ്യമായ രേഖകളും **HRPF/66/2025** നമ്പറായി **24/04/2025** ആം തീയതി വച്ച് നൽകിയവയിൽ വ്യക്താവ്മാക്കിയിട്ടുള്ളതുമാണ്. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. ഉപഭോക്താവിനാണ് അധികാരം . ഇത് സംബന്ധിച്ച് രാഷ്ട്രപിതാവിന്റെ വാക്കുകൾ **KSEB** ഭവനങ്ങളിൽ ചില്ലിട്ട് ചുവരുകളിൽ എഴുതി വച്ചിരിക്കുന്നു. എന്തടിസ്ഥാനത്തിൽ ആണ് എന്റെ വീടിന്റെ ഗേറ്റ് തള്ളി തുറന്ന് ഭീക്ഷണിപ്പെടുത്തി മീറ്റർ ബോക്സിനുള്ളിലെ കണക്ഷനുകൾ അഴിച്ചുമാറ്റിയത്? ആരുടെ പരാതിയുടെ അടിസ്ഥാനത്തിൽ **?** ആയത് വ്യക്തമാക്കണം. പരാതിയുടെ പകർപ്പും രേഖകളുടെ പകർപ്പും ഉദ്യോഗസ്ഥന്റെ പേരും ഓഫീസ് മേൽവിലാസവും ലഭ്യമാക്കണം. മറ്റൊരു ഉപഭോക്താവിനും ഇത്തരം ഗുണ്ടായിസം കാട്ടാൻ അനുവദിക്കരുതെന്നപേക്ഷ. എന്റെ ഗേറ്റിൽ വന്നു ശബ്ദമുണ്ടാക്കി. ഞാൻ പുറത്തു വന്നു നോക്കി **5** പേരുണ്ട്. ആരാ എന്ന് ഞാൻ ചോദിച്ചപ്പോൾ അതിലൊരാൾ "ഞാൻ **KSEB AXE**" എന്ന് പറഞ്ഞു. **AXE lady** ആണല്ലോ എന്ന് ഞാൻ പറഞ്ഞു. ഞങ്ങൾ വെഞ്ഞാറമൂട്ടിൽ നിന്നല്ല തിരുവനന്തപുരം വിജിലൻസിൽ നിന്നാണ് എന്ന് **AXE** . പേര്, ഉദ്യോഗ പേര് , ഫോൺ നമ്പർ എന്നിവ വേണമെന്ന് ഞാൻ പറഞ്ഞു. തരാമെന്ന് **AXE** തുടർന്നും **4** പേർ ഗേറ്റ് തള്ളി തുറന്ന് മീറ്റർ ബോക്സിനടുത്തേക്ക് ഒരാൾ പുറത്തെ ഇടുങ്ങിയ ഒറ്റയടി പാതയിൽ. മീറ്റർ ബോക്സ് പൂട്ടിയിരുന്നു. **AXE** വലിയ ഉച്ചത്തിൽ തുറന്ന് കൊടുക്കാൻ ആജ്ഞാപിച്ചു. ഞാൻ വീടിനുള്ളിൽ കയറി താക്കോൽ പേപ്പർ, പേന എഴുതാൻ ബോർഡ് എന്നിവയുമായി മീറ്റർ ബോക്സിനടുത്തു വന്നു മീറ്റർ ബോക്സ് തുറന്നു തരാം. നിങ്ങളുടെ എല്ലാവരുടെയും പേര് , ഉദ്യോഗ പേര് , ഫോൺ നമ്പർ എന്നിവ ലഭ്യമാക്കണം. എന്നാലേ തുറന്നു താരം പറ്റൂ "തരാം" എന്ന് വീണ്ടും **AXE** പറഞ്ഞു. തുടർന്ന് മീറ്റർ ബോക്സ്

ഞാൻ തന്നെ തുറന്നു നൽകി. തുടർന്ന് അര മണിക്കൂർകൊണ്ട് ടി ജീവനക്കാർ മീറ്ററിനുള്ളിലെ വയറുകളും മറ്റും ഇളക്കിമാറ്റി. പേരും ഉദ്യോഗ പേരും ഫോൺ നമ്പറും നൽകാതെ ഇവർ ഇറങ്ങി പോയി. ഒരു ഉപഭോക്താവിന്റെ വീട്ടിൽ പരിശോധന നടത്താൻ നിയമാനുസൃതമായ നടപടിക്രമങ്ങൾ വേണം. ആയവ രേഖാമൂലം ഉപഭോക്താവിന് ബന്ധപ്പെട്ട അതോറിറ്റിയുടെ **letter head** ൽ അധികാരി ഒപ്പ് ചാർത്തി കോടതിയുടെ പരിപാവനത കാത്ത് നൽകണം. മടക്ക കത്ത് ഉപഭോക്താവിൽ നിന്നും ഒപ്പിട്ടു വാങ്ങിയിരിക്കണം. അല്ലാതെയുള്ളതു ഗുണ്ടായിസം. **1885**-ലെ വൈദ്യുതി നിയമം അനുസരിച്ച് സർവീസ് ചാർജ് ഈടാക്കാൻ പാടില്ലത്രേ? **12/1999** ൽ **400** രൂപ ഡിപ്പോസിറ്റും സർവീസ് ചാർജായി **740/-** രൂപയും **OYEC** പ്രകാരം **3,000** രൂപയും ഈടാക്കിയിട്ടുണ്ട്. എന്നിൽ നിന്ന് മാത്രമല്ല **1998,1999,2000** വർഷത്തിൽ വൈദ്യുതി കണക്ഷനുവേണ്ടി **OYEC** പ്രകാരം ഓരോ ഉപഭോക്താക്കളിൽ നിന്ന് **3,000/3500** രൂപ വച്ച് ഈടാക്കിയിട്ടുണ്ട്. പരിശോധിച്ചാൽ ബോധ്യമാകുന്നതാണ്. **12/1999** ൽ എനിക്ക് കൊല്ലം കമ്പനിയിൽ നിന്നുള്ള മീറ്റർ ആണ്. അന്ന് ഒരു മീറ്ററിന് **70** രൂപയാണ് വില. ഇൻസുലേഷൻ കേബിളിന് **2** രൂപയുമാണ്. എനിക്ക് **14** മീറ്റർ നീളമാണ് തൊട്ടടുത്ത ഇലക്ട്രിക്കൽ പോസ്റ്റിൽ നിന്നുള്ള അകലം. **740** രൂപ എന്തിനൊക്കെ വേണ്ടിയാണ് ഈടാക്കിയതു എന്ന് പരിശോധിക്കാവുന്നതാണ്. കൂടാതെ **3000** രൂപ **OYEC** പ്രകാരവും വ്യക്തമാക്കിയിട്ടുണ്ടായിരുന്നു. സാധാരണ ഉപഭോക്താക്കളിൽ നിന്നും ഉപഭോക്താവ് വില കൊടുത്തു വാങ്ങി നൽകിയ മീറ്ററിന് കഴിഞ്ഞ **14** വർഷമായി **1,532** കോടി തുക ഈടാക്കിയതായി **12/10/2024** ലെ കേരള കൗമുദി റിപ്പോർട്ടും വ്യക്തമാക്കുന്നു. മീറ്റർ ചാർജ് കഴിഞ്ഞ **15** വർഷമായി എന്നിൽ നിന്നും ഈടാക്കിയവരും നോക്കു കൂലിയും **GST** യും ചേർത്തു **45,000** രൂപയും വീട് ആക്രമം കാണിച്ച പരാതിയിൽ പറയുന്ന **5** പേരിൽ നിന്നും **5** ലക്ഷം രൂപയും ചേർത്തു **5,45,000** രൂപ അനുവദിച്ച് ഉത്തരവാകണമെന്നും. ടി **AEE** യുടെ റിപ്പോർട്ട് പൂർണ്ണമായും തള്ളിക്കളയണമെന്നും അപേക്ഷിക്കുന്നു.

സംസ്ഥാനത്തു വൈദ്യുതി ഉല്പാദിപ്പിക്കുന്നത് പ്രകൃതിയിൽ നിന്നു ലഭിക്കുന്ന മഴവെള്ളത്തിൽ നിന്നാണ്. **44** നദികളിലായി **37** ജലവൈദ്യുത പദ്ധതികൾ നിലവിലുണ്ട്. ഈ പദ്ധതികളിൽ രണ്ടു മുതൽ നാലു വരെയുള്ള പമ്പുകൾ വച്ചാണ് വൈദ്യുതി ഉല്പാദിപ്പിക്കുന്നത്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൽക്കരി, മറ്റ് ഇന്ധനങ്ങൾ മൂലമല്ല എന്നതാണ് യാഥാർത്ഥ്യം. ഡാമുകളിലെ

യും നദികളിലെയും മണൽ കോരി മാറ്റിയാൽ വെള്ളപ്പൊക്കം തടയാനും കോടികൾ ഖജനാവിൽ മുതൽക്കൂട്ടാനും പവർക്കട്ടുണ്ടാകാതെ ജലം ശേഖരിക്കാനും കഴിയും. എല്ലാവർഷവും ചില മുടന്തൻ ന്യായങ്ങൾ ജനങ്ങളിൽ അടിച്ചേൽപ്പിച്ചാണ് വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചു കൊണ്ടിരിക്കുന്നത്. നിലവിലുള്ള വൈദ്യുതിചാർജ് നാലിൽ ഒന്നായി കുറച്ചാലും കെ എസ് ഇ ബിക്ക് കോടികൾ ലാഭകരം. എന്നാൽ ആയവ ചെയ്യാതെ കേരളത്തിലെ ജനങ്ങളിൽ ചാർജ് വർദ്ധിപ്പിച്ച് പകൽക്കൊള്ള ചെയ്യുന്ന പ്രധാനപ്പെട്ട വകുപ്പുകളിൽ ഒന്നാണ് കെ എസ് ഇ ബി. 1956-ലെ കമ്പനി ആക്ട് അനുസരിച്ചാണ് കെഎസ്ഇബി പ്രവർത്തിക്കുന്നത്. കേരളത്തിൽ കമ്പനി ആക്ട് അനുസരിച്ച് പ്രവർത്തിക്കുന്ന 130 ഓളം സർക്കാർ സ്ഥാപനങ്ങളുണ്ട്. കെഎസ്ഇബി ഒഴികെ മറ്റു സ്ഥാപനങ്ങളിലെ ശമ്പളവുമായി തട്ടിച്ചു നോക്കുമ്പോൾ 3 ഇരട്ടി കൂടുതലാണ്. കമ്പനി ആക്ട് അനുസരിച്ച് പ്രവർത്തിക്കുന്ന സർക്കാർ ഉടമസ്ഥതയിലുള്ള ഒരൊറ്റ വ്യവസായ സ്ഥാപന ങ്ങളിലും സർക്കാർ പെൻഷനില്ല. ലഭിക്കുന്നത് നക്കാപ്പിച്ച് EPF പെൻഷൻ മാത്രം. കെ.എസ്.ഇ.ബി യിലും ഇവ പ്രാബല്യത്തിൽ ആക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. കെഎസ്ഇബിയിൽ നിന്നും റിട്ടയർ ചെയ്യുന്നവർക്കുള്ള പെൻഷൻ നൽകാനും ജനങ്ങളെ പിഴിയുന്നു.

30/09/2023 വരെ കെഎസ്ഇബിക്ക് പിരിഞ്ഞു കിട്ടാനുള്ള തുക 3562.10 കോടി. (ഗാർഹികം 331.18 കോടി, പ്രൈവറ്റ് സ്ഥാപനങ്ങൾ 1003.35 കോടി, സർക്കാർ സ്ഥാപനങ്ങൾ 150.23 കോടി, സർക്കാർ പൊതുമേഖല 1878.34 കോടി രൂപയാണ്. സാധാരണക്കാരനോ ഇടത്തരക്കാരനോ വൈദ്യുതി ബില്ലടയ്ക്കാൻ താമസിച്ചാൽ 24 മിനിറ്റിനകം ഫ്യൂസ് ഊരുന്ന കെഎസ് ഇബി 3562.10 കോടി രൂപ എന്തുകൊണ്ട് പിരിച്ചെടുക്കാൻ തയ്യാറായില്ല? എന്തുകൊണ്ട് ഫ്യൂസ് ഊരിയില്ല? ഇതിൽ കോടികളുടെ അഴിമതി ഉള്ളതായി സംശയിക്കുന്നു. ഓരോ കൺസ്യൂമറും ആയിരക്കണക്കിന് രൂപയാണ് കെഎസ്ഇബിയിൽ ഡിപ്പോസിറ്റ് ചെയ്തിരിക്കുന്നത്. ബില്ലടയ്ക്കാൻ വൈകിയാൽ ഡിപ്പോസിറ്റ് തുകയിൽ നിന്നും ബിൽ തുക ഈടാക്കാതെ ഫ്യൂസ് ഊരുന്നതും ഗുണ്ടായിസമാണ്. (മൂന്നുമാസത്തെ തുകയാണ് മുൻകൂർ ഡിപ്പോസിറ്റായി ഈടാക്കിയിരിക്കുന്നത്) ഓരോ വർഷവും ആയിരക്കണക്കിന് മില്യൺ വൈദ്യുതിയാണ് കുറഞ്ഞ തുകയ്ക്ക് കേരള ത്തിന് പുറത്ത് വില്പന നടത്തുന്നത്. 2022 - 23 സാമ്പത്തിക വർഷം 1813.11 മില്ല്യൻ യൂണിറ്റ് വൈദ്യുതിയാണ് കേരളത്തിന് പുറത്തേക്ക് വിറ്റത്.

കൺസ്യൂമർ വില കൊടുത്ത് വാങ്ങിയ മീറ്ററിന് ദ്വൈമാസ വാടക, മീറ്റർ നോക്കുന്നതിന് ഡ്യൂട്ടി ചാർജിനത്തിൽ നോക്കുകൂലി, എനർജി ചാർജ് കൂടാതെ ഫ്യൂവൽ സർചാർജ്ജ്, ഫിക്സഡ് ചാർജ്ജ് ഇങ്ങനെ ഗാർഹിക ഉപഭോക്താക്കളിൽ നിന്ന് വൻതുക കെ എസ് ഇ ബി പിടിച്ചു വാങ്ങുന്നു. രണ്ടുമാസത്തിലൊരിക്കൽ കണക്ക് കൂട്ടുമ്പോൾ സ്ലാബ് മാറ്റി വൻതുകയും ഈടാക്കി വരുന്നു. മീറ്റർ വാടക ഇനത്തിൽ പ്രതിവർഷം 100 കോടി യിലധികം രൂപയാണ് കെഎസ്ഇബി ഗാർഹിക ഉപഭോക്താക്കളിൽ നിന്ന് ഈടാക്കി വരുന്നത്. ഗാർഹിക ബില്ല് മാസത്തിൽ ഒരിക്കൽ ആക്കിയാൽ നിലവിലുള്ള ബില്ലിൽ മൂന്നിൽ ഒന്ന് പോലും അടയ്ക്കേണ്ടി വരില്ല. ഉപഭോക്താക്കളുടെ പരാതിയില്ലാതെ കെഎസ്ഇബിയുടെ തന്നിഷ്ടപ്രകാരം മീറ്റർ മാറ്റിവയ്ക്കുന്നതും, മീറ്റർ ഇളക്കി പരിശോധിക്കുവാനും മുൻകൂർ പണം അടക്കുകയും വേണം.

ഇപ്പോഴിതാ വീടുകളിൽ വാഷിംഗ് മെഷീൻ, ഫ്രിഡ്ജ്, ഫാൻ, ടി.വി, എ.സി തുടങ്ങി എല്ലാ ഇലക്ട്രോണിക് ഉപകരണങ്ങൾക്കും പ്രത്യേകം പ്രത്യേകം ചാർജ് നൽകണം പോൽ....വൈദ്യുതി ബോർഡ് റെഗുലേറ്ററി കമ്മീഷൻ എന്തിനുവേണ്ടി? ഈ കമ്മീഷൻ "വാ തുറക്കുന്നത് വൈദ്യുതിചാർജും, ജീവനക്കാരുടെ ശമ്പളവും കൂട്ടാൻ വേണ്ടി മാത്രം. ആരാധനാലയങ്ങളിലെ ഉത്സവം പോലെ എല്ലാവർഷവും കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം എന്നിവിടങ്ങളിൽ വച്ച് ജനങ്ങളിൽ നിന്ന് നേരിട്ട് തെളിവെടുപ്പ് നടത്തി ലക്ഷങ്ങൾ ധൂർത്തടിക്കുന്നു. എന്നാൽ ജനങ്ങൾ അക്കമിട്ട് നിരത്തിയ ഒന്നുപോലും ഈ കമ്മീഷൻ ഇന്നുവരെ അംഗീകരിച്ച് നടപ്പിലാക്കിയിട്ടില്ല. മാത്രവുമല്ല യോഗം കൂടിയതിന്റെ പിറ്റേദിവസം വൈദ്യുതിചാർജ് ശമ്പള വർദ്ധനയ്ക്ക്ക്കൊടികാട്ടുകയാണ് റെഗുലേറ്ററി കമ്മീഷൻ (ഇവ ആർക്കും പരിശോധിക്കാവുന്നതാണ്).ആകയാൽ ബഹു. ഓംബുഡ്സ്മാൻ എന്റെ രേഖാമൂലമുള്ള പരാതിയിൽ അടിയന്തിരമായി പരിഹരിച്ച് അഞ്ച് ലക്ഷത്തി നാൽപ്പത്തയ്യായിരം രൂപ (5,45,000/) യും ചെലവും സഹിതം ലഭ്യമാക്കാൻ ഉത്തരവാക്കണമെന്ന് അപേക്ഷിക്കുന്നു.

## വിശകലനവും കണ്ടെത്തലുകളും

അപ്പീൽ പരാതിയുടെ വാദം 11/08/2025-ന് ഉച്ചയ്ക്ക് ശേഷം 03.30-ന് കെ.എസ്.ഇ.ബി ഐ.ബി, പരുത്തിപ്പാറ, തിരുവനന്തപുരത്ത് വെച്ച് നടന്നു. പരാതിക്കാരൻ ഡോ.തേമ്പാംമൂട് സഹദേവൻ എതിർകക്ഷി ശ്രീ.മിദിലാജ്.വി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,

ഇലക്ട്രിക്കൽ സബ് ഡിവിഷൻ, വെഞ്ഞാറമൂട്, തിരുവനന്തപുരം ജില്ല എന്നിവരാണ് ഹിയറിംഗിൽ പങ്കെടുത്തത്.

ലൈസൻസിയായ **KSEBL** ന്റെ വെഞ്ഞാറമൂട് സെക്ഷൻ പരിധിയിൽ വരുന്ന ഒരു ഉപഭോക്താവാണ് പരാതിക്കാരനായ ഡോ.സഹദേവൻ. **1999** ആം മാണ്ട് ഡിസംബർ മാസത്തിലാണ് പരാതിക്കാരൻ ഗാർഹിക കണക്ഷൻ എടുത്തിരിക്കുന്നത്. അറിയപ്പെടുന്ന ഒരു സാമൂഹ്യ പൊതു മനുഷ്യാവകാശ ജീവകാരുണ്യ പ്രവർത്തകനാണ് പരാതിക്കാരൻ എന്ന് അദ്ദേഹം ബോധിപ്പിച്ചിരിക്കുന്നു. **2023** ഡിസംബർ **23**-ആം തീയതി വൈകുന്നേരം **7.15** മണിക്ക് ലൈസൻസിയുടെ ഉദ്യോഗസ്ഥർ എന്ന് പറഞ്ഞുകൊണ്ട് അഞ്ചുപേർ വീടിന്റെ ഗേറ്റിന് പുറത്ത് ബഹളം ഉണ്ടാക്കുകയും ഗേറ്റ് തുറക്കാൻ ആവശ്യപ്പെടുകയും ചെയ്തു. ഗേറ്റ് തുറന്ന് അകത്തു കയറി പൂട്ടിയിരുന്ന മീറ്റർ ബോക്സ് തുറപ്പിക്കുകയും, മീറ്ററും മറ്റും അഴിച്ച് പരിശോധിക്കുകയും ചെയ്തു. പരിശോധനയ്ക്ക് വന്ന ഉദ്യോഗസ്ഥരുടെ സമീപനം ശരിയല്ലായിരുന്നു എന്നും,കറന്റ് മോഷണം നടത്തുന്നു എന്ന പ്രതീതി ജനിപ്പിക്കുമാറ് പെരുമാറിയെന്നുമാണ് പരാതിക്കാരന്റെ വാദം. അതിനാലാണ് **5** ലക്ഷം രൂപ നഷ്ടപരിഹാരമായി ആവശ്യപ്പെടുന്നത്. എന്നാൽ ആ പരിശോധന തിരുവനന്തപുരം **APTs** ഉം സെക്ഷനിലെ സബ്ബ് എൻജിനീയറും ചേർന്ന സംഘമാണ് പരിശോധനയ്ക്ക് എത്തിയത് എന്നാണ് എതിർകക്ഷി സത്യപ്രസ്താവനയിൽ പറഞ്ഞിരിക്കുന്നത്. ഉപഭോക്താവിന്റെ ഉപഭോഗം **2022** ഒക്ടോബർ മുതൽ വളരെയധികം കുറഞ്ഞിരുന്നതിനാലും, മീറ്റർ ബോക്സ് സദാസമയവും പൂട്ടി വച്ചിരിക്കുന്നതിന്നാലും സംശയ ദൂരീകരണത്തിനുവേണ്ടിയുള്ള പരിശോധനയായിരുന്നു അതെന്ന് സ്ഥാപിച്ചിരിക്കുന്നു. ഡിസംബർ മാസത്തിൽ **APTs** ടീം അവരുടെ രാത്രികാല പരിശോധനയുടെ ഭാഗമായി വെഞ്ഞാറമൂട് ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിലുള്ള ഉപഭോക്താക്കളുടെ വീടുകളിലും, സ്ഥാപനങ്ങളിലും ആണ് പരിശോധന നടത്തിയിരുന്നത്.

ഇനി പരിശോധനയുടെ നിയമസാധുതയെപ്പറ്റി പരിശോധിക്കാം. **The Electricity Act 2003** ലെ സെക്ഷൻ **135(2)** പ്രകാരം ലൈസൻസിയുടെ ഉദ്യോഗസ്ഥന് വൈദ്യുതിയുമായി ബന്ധിപ്പിച്ചിട്ടുള്ള മീറ്ററും അനുബന്ധ സംവിധാനങ്ങളും സംശയം തോന്നിയാൽ പരിശോധിക്കാം എന്ന് പ്രതിപാദിച്ചിരിക്കുന്നു.

**135.(2)** *Any officer of the licensee or supplier as the case may be,] authorized in this behalf by the State Government may --*

> ***(a)*** *enter, inspect, break open and search any place or premises in which he has reason to believe that electricity [has been or is being,] used unauthorisedly;*
>
> ***(b)*** *search, seize and remove all such devices, instruments, wires and any other facilitator or article which has been, or is being, used for unauthorized use of electricity;*
>
> ***(c)*** *examine or seize any books of account or documents which in his opinion shall be useful for or relevant to, any proceedings in respect of the offence under sub-section (1) and allow the person from whose custody such books of account or documents are seized to make copies thereof or take extracts therefrom in his presence.*

***135.(3)*** *The occupant of the place of search or any person on his behalf shall remain present during the search and a list of all things seized in the course of such search shall be prepared and delivered to such occupant or person who shall sign the list:*

*Provided that no inspection, search and seizure of any domestic places or domestic premises shall be carried out between sunset and sunrise except in the presence of an adult male member occupying such premises.*

**Kerala Electricity Supply Code 2014** ലെ റെഗുലേഷൻ **24** പ്രകാരം വൈദ്യുത ലൈനുമായി ബന്ധിപ്പിച്ചിട്ടുള്ള സർവീസ് ലൈനും , മീറ്ററും അനുബന്ധ ഉപകരണങ്ങളും ലൈസൻസിയുടെ അധികാരത്തിലുള്ളതായിരിക്കും എന്ന് കാണാം.

**24(1)** *The whole of service line, meter and other associated equipment shall be deemed to be the property of the licensee and shall remain under his control so long as they are connected to the distribution system of the licensee.*

**Kerala Electricity Supply Code 2014** ലെ റെഗുലേഷൻ **172** ൽ ഉപഭോക്താവിന്റെ മീറ്ററും മറ്റും പരിശോധിക്കാനുള്ള അധികാരത്തെക്കുറിച്ച് വിവരിച്ചിരിക്കുന്നു.

***172. (1)*** *The distribution licensee may, under Section 163 of the Act, authorise any of his employees or other person to enter any premises to which electricity is, or has been, supplied by the licensee, or any premises or land, under, over, along, across, in or upon which the electric supply-lines or other works have been lawfully placed by the licensee for any one or more of the following purposes:-*

> ***(i)*** *inspecting, testing, repairing or altering the electric supply lines, meters, fittings, works and apparatus for the supply of electricity belonging to the distribution licensee;*

*(ii)ascertaining the amount of electricity supplied or the electrical quantity contained in the supply; or*

***(iii)** removing where a supply of electricity is no longer required, or where the distribution licensee is authorised to cut off such supply and to take away any electric supply lines, meters, fittings, works or equipment belonging to the licensee.*

***172.(3)** The licensee or any person duly authorised by the licensee may inspect and test any installation of the consumer connected to the distribution system of the licensee with a view to ensuring compliance of the provisions of Central Electricity Authority (Measures Relating to Safety and Electric Supply) Regulations, 2010, as amended from time to time.*

**Kerala Electricity Supply Code** ഓരോ സംസ്ഥാനത്തും നടപ്പിലാക്കാൻ **The Electricity Act 2003,** സംസ്ഥാന റെഗുലേറ്ററി കമ്മീഷനുകൾക്ക് അധികാരം നൽകിയിരിക്കുന്നു. അതിനാൽ തന്നെ ഇത്തരം ചട്ടങ്ങൾ അനുസരിക്കാൻ ഉപഭോക്താക്കളും ലൈസൻസികളും ബാധ്യസ്ഥരാണ്. അങ്ങനെ ലൈസൻസി നടത്തിയ പരിശോധന നിയമ വിരുദ്ധമല്ല എന്നു കാണാം. രാത്രി പരിശോധന നടത്തിയത് ശരിയല്ല എന്ന പരാതിക്കാരന്റെ വാദം പരിശോധിക്കേണ്ടിയിരിക്കുന്നു. **The Electricity Act 2003** യിലെ സെക്ഷൻ **135(3)** യിലും **Kerala Electricity Supply Code 2014** റെഗുലേഷൻ **173(4)** ലും അതിനെക്കുറിച്ച് വിവരിച്ചിരിക്കുന്നു.

***173.(4)** No inspection of any domestic premises shall be carried out between sunset and sunrise except in the presence of an adult male member occupying such premises, or an adult male representative.*

അതായത് അവിടെ താമസിക്കുന്ന ഒരു പുരുഷന്റെ സാന്നിധ്യത്തിൽ രാത്രി പരിശോധന വേണ്ടിവന്നാൽ നടത്താം എന്ന് പ്രതിപാദിച്ചിരിക്കുന്നു. ഇവിടെ പരിശോധന നടത്തിയിരിക്കുന്നത് ശ്രീ.സഹദേവന്റെ സാന്നിധ്യത്തിലാണ്. അതിനാൽ രാത്രി നടത്തിയ പരിശോധനയും നിയമവിധേയമാണെന്ന് കാണാം. പരിശോധന സമയത്ത് മോശമായി പെരുമാറി എന്ന വാദം തെളിവുകളുടെ അഭാവത്തിൽ തള്ളേണ്ടിയിരിക്കുന്നു. **APTs** ടീം സാധാരണ നടത്തുന്ന പരിശോധന രീതിയിലാണ് ഇവിടെ നടത്തിയ പരിശോധനയും എന്ന് എതിർകക്ഷി സ്ഥാപിക്കുന്നു. ഗേറ്റ് പൂട്ടിയിരുന്നതിനാൽ ഗേറ്റിൽ തട്ടി തുറക്കാൻ ആവശ്യപ്പെടുകയും മീറ്റർ ബോക്സ് പൂട്ടിയിരുന്നതിനാൽ അത് തുറക്കാൻ ആവശ്യപ്പെടുകയും ചെയ്തു എന്നാണ് **AEE** വെഞ്ഞാറമൂട് സബ്ബ് ഡിവിഷൻ വാദം കേൾക്കുന്ന വേളയിൽ അറിയിച്ചത്. ഇപ്പോൾ വെഞ്ഞാറമൂട് സബ്ബ് ഡിവിഷൻ **AEE** ആയ ശ്രീ.മിദുലാജ് അന്ന് **APTs** ൽ

ആയിരുന്നതിനാലാണ് അദ്ദേഹത്തിന്റെ നേതൃത്വത്തിലായിരുന്നു പരിശോധന നടന്നത്. അതിനാൽ തന്നെ അദ്ദേഹം പരിശോധനയുടെ കാര്യം വിശദമായി വിവരിക്കുകയുണ്ടായി. ആ പരിശോധനയിൽ അസ്വാഭാവികത ഒന്നും ഉണ്ടായിരുന്നില്ല എന്നും അറിയിച്ചു. പരാതിക്കാരന്റെ മറ്റൊരുവാദം മീറ്റർ വാടകയിനത്തിൽ ഈടാക്കിയ തുക പലിശ സഹിതം തിരികെ നൽകണമെന്നും, കൂടാതെ **OYEC scheme** ൽ അടച്ച തുക പലിശ സഹിതം തിരികെ നല്കണമെന്നതുമാണ്. എതിർകക്ഷി നൽകിയ സത്യപ്രസ്താവനയിൽ രേഖകൾ പരിശോധിച്ചതിൽ നിന്നും പരാതിക്കാരൻ **12/1999** ൽ അടച്ച തുക താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| അപ്ലിക്കേഷൻ ഫീസ് | - **2** രൂപ |
| സെക്യൂരിറ്റി ഡിപ്പോസിറ്റ് | - **4** രൂപ |
| സർവീസ് കണക്ഷൻ | - **750** രൂപ |
| **OYEC** ചാർജ് | - **1040** രൂപ |
| | ========== |
| ആകെ | **2192** രൂപ |

സർവീസ് കണക്ഷൻ ചാർജിൽ മീറ്ററിന്റെ വില ഉൾപ്പെടുന്നില്ല. അവിടെ സ്ഥാപിച്ചിരിക്കുന്ന മീറ്റർ ലൈസൻസിയുടെ മീറ്റർ ആണ്. അതിനാൽ തന്നെ **KSERC** താരിഫ് ഉത്തരവ് വഴി തീരുമാനിക്കുന്ന മീറ്റർ വാടക ഈടാക്കാൻ ലൈസൻസിയ്ക്ക് അധികാരമുണ്ട്. അതോടൊപ്പം സാങ്കേതിക വിദ്യയുടെ മാറ്റത്തിനനുസരിച്ച് പുതിയ രീതിയിലുള്ള മീറ്ററുകൾ സ്ഥാപിക്കാനും ലൈസൻസി ബാധ്യസ്ഥരാണ്. ഇത് വൈദ്യുത നിയമത്തിലും ചട്ടങ്ങളിലും പ്രതിപാദിച്ചിട്ടുണ്ട്. പരാതിക്കാരന്റെ വാദഗതികൾ സ്ഥാപിക്കുന്നതിനുള്ള രേഖകളോ തെളിവുകളോ ഹാജരാക്കാൻ കഴിയാത്തതിനാൽ ആവശ്യപ്പെട്ടിട്ടുള്ള നഷ്ടപരിഹാരത്തിൽ തീരുമാനം എടുക്കാൻ കഴിയുന്നില്ല. നിയമവിധേയമായ ഒരു പരിശോധന നടത്തിയതിൽ ലൈസൻസിയിൽ നിന്നും നഷ്ട പരിഹാരം തീരുമാനിക്കാനും കഴിയുന്നില്ല. കൂടാതെ പരാതിയിൽ ലൈസൻസിയുടെ കെടുകാര്യസ്ഥതയെക്കുറിച്ചും **KSERC** പ്രവർത്തന അപര്യാപ്തതയെക്കുറിച്ചും പരാമർശിച്ചിരിക്കുന്നു. അവ പരിഗണനാ വിഷയമല്ലാത്തതിനാൽ തള്ളിക്കളയുന്നു.

## തീരുമാനങ്ങൾ

സമർപ്പിച്ച രേഖകൾ പരിശോധിക്കുകയും,പരാതിക്കാരന്റെയും എതിർകക്ഷിയുടെയും വാദം കേൾക്കുകയും ചെയ്ത ശേഷം, മുകളിൽ സൂചിപ്പിച്ച വിശകലനത്തിൽ എത്തുകയും ഇനിപ്പറയുന്ന തീരുമാനം എടുക്കുകയും ചെയ്യുന്നു.

1. **CGRF** ന്റെ തീരുമാനത്തെ ശരിവച്ച് ഇതിനാൽ ഉത്തരവാകുന്നു.
2. മറ്റു ചെലവുകൾ ഒന്നും അംഗീകരിച്ചിട്ടില്ല.

**ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ**

P/042/2025/ തീയതി: **27-08-2025**

**അയക്കുന്നത്:**

1. ഡോ.തേമ്പാംമൂട് സഹദേവൻ, വൈകുണ്ഡം, കണ്ണൻകോട്, വെഞ്ഞാറൻമൂട്, തിരുവനന്തപുരം ജില്ല-**695607**

2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ്, വെഞ്ഞാറൻമൂട്, തിരുവനന്തപുരം (ജില്ല).

**പകർപ്പ് സമർപ്പിക്കുന്നത്:**

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, **KPFC** ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം -**10**.
2. സെക്രട്ടറി, കെ.എസ്.ഇ.ബി. ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം-**4**.
3. ചെയർപേഴ്സൺ, കൺസ്യൂമർ ഗ്രിവൻസ് റിഡ്രെസൽ ഫോറം, കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, കൊട്ടാരക്കര - **691506**